WEDNESDAY 13/11/2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/11/2024

1. കൊല്ലം ജില്ലയിൽ ഉളിയക്കോവിൽ സർവ്വീസ് സഹകരണ ബാങ്കിന് അനുവദിച്ചിട്ടുള്ളതും കൊല്ലം ഹൈസ്കൂൾ ജംഗ്ഷനിൽ സ്ഥപിച്ചിട്ടുള്ളതുമായ കേരളഗ്രോ ബ്രാൻഡഡ് ഷോപ്പിന്റെ ഉദ്ഘാടനം ഇന്ന് (2024 നവംബർ 13 ബുധനാഴ്ച) ഉച്ചയ്ക്ക് 2 മണിക്ക് കൊല്ലം എം.എൽ.എ എം. മുകേഷിന്റെ അദ്ധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നു. കർഷകർ ഉത്പാദിപ്പിക്കുന്നതും, 'കേരളഗ്രോ ബ്രാൻഡ്' ലഭിച്ചിട്ടുള്ളതുമായ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുമാണ് കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ മുഖേന ലക്ഷ്യമിടുന്നത്.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിങ്&ഫുഡ് ടെക്നോളജി തവനൂരിൽ പാർട്ട് ടൈം സ്റ്റുഡൻസ് കൗൺസിലറുടെ താൽക്കാലിക ഒഴിവിലേക്ക് 18.11.24 തീയതിയിൽ നടത്താനിരുന്ന വാക്ക് ഇൻ ഇൻറർവ്യൂ സാങ്കേതിക കാരണങ്ങളാൽ 25.11.24 തീയതി രാവിലെ 10 മണിക്ക് മാറ്റിയതായി അറിയിക്കുന്നു. വിശദാംശങ്ങൾക്കു www.kau.in, www.kcaet.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക. ഫോൺ നമ്പർ:0494 2686214

3. വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെൻറ്, അഗ്രികൾച്ചറൽ എൻജിനീയറിങ്, ജനറ്റിക്സ്&പ്ളാൻറ് ബ്രീഡിങ് വിഭാഗങ്ങളിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റൻറ് പ്രൊഫസർമാരെ നിയമിക്കുന്നതിന് വാക്ക് ഇൻ ഇൻറർവ്യൂ നടത്തുന്നു. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും പി.എച്ച്.ഡി നെറ്റ് യോഗ്യതയും ഉള്ള ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രവർത്തിപരിചയം എന്നിവയുടെ സർട്ടിഫിക്കറ്റുകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും

സഹിതം തിരുവനന്തപുരത്തുള്ള വെള്ളായണി കാർഷിക കോളേജ് ഓഫീസിൽ 22.11.2024, 23.11.2024 തീയതികളിൽ ഹാജരാകേണ്ടതാണ്. നെറ്റ് യോഗ്യത ഉള്ളവരുടെ അഭാവത്തിൽ നെറ്റ് യോഗ്യത ഇല്ലാത്തവരെയും പരിഗണിക്കുന്നതാണ്. വിശദാംശങ്ങൾക്കു www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

4. ഈ വർഷം സംസ്ഥാനത്ത് 1000 ഹെക്ടർ വിസ്തൃതിയിൽ 11 ഇനം ഫലവൃക്ഷ വിളകളുടെ കൃഷി വ്യാപിപ്പിക്കും. നാടൻ ഫലവർഗ്ഗ വിളകളായ മാവ്, പ്ലാവ്, വാഴ, പപ്പായ എന്നിവയ്ക്കൊപ്പം മാങ്കോസ്റ്റിൻ, റംബുട്ടാൻ, ഡ്രാഗൺ ഫ്രൂട്ട്, അവക്കാഡോ തുടങ്ങിയ ഫല വർഗ്ഗ വിളകളെയും ക്ലസ്റ്റർ അധിഷ്ഠിത കൃഷിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫലവൃക്ഷ വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കാൻ ഈ വർഷം തന്നെ 200 ക്ലസ്റ്ററുകൾ കൃഷി വകുപ്പിൻറെ നേതൃത്വത്തിൽ സംസ്ഥാനത്ത് രൂപവത്കരിക്കുന്നതാണ്. ഫല വർഗ്ഗങ്ങളുടെ അത്യുല്പാദനശേഷിയുള്ള തൈകൾ ലഭ്യമാക്കുക, സംസ്ഥാനത്തെ പഴവർഗ്ഗ ഉൽപ്പാദനം വർദ്ധിപ്പിക്കുക, അതുവഴി പോഷക സമൃദ്ധിയിലേക്ക് നീങ്ങുക എന്നീ ലക്ഷ്യങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. പോഷക സമൃദ്ധി കൈവരിക്കുന്നതിനാവശ്യമായ വിളകളെ ഉൾപ്പെടുത്തി പോഷക തോട്ടങ്ങൾ, കൃഷി ക്ലസ്റ്ററുകൾ, കൂൺ ഗ്രാമങ്ങൾ, മില്ലറ്റ് കഫേ, സംരക്ഷിത കൃഷി, പരമ്പരാഗത കൃഷി ഇനങ്ങളുടെ വ്യാപനം, കൃത്യത കൃഷി, തരിശു നില കൃഷി തുടങ്ങിയവ വ്യാപകമാക്കുവാനും ലക്ഷ്യമിട്ടിരിക്കുന്നു.

5. 2023-24 വർഷങ്ങളിൽ റബർ കൃഷി ചെയ്തവർക്ക് ധനസഹായത്തിന് റബർ ബോർഡിൻറെ www.rubberboard.org.in എന്ന സൈറ്റിൽ നവംബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം. 25 സെൻറ മുതൽ രണ്ടര ഏക്കർ വരെയുള്ള തോട്ടം ഉടമകൾക്ക് അർഹതയുണ്ടായിരിക്കും. അപേക്ഷയോടൊപ്പം തോട്ടത്തിന്റെ സ്വയം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തയാറാക്കിയ പ്ലാൻ, ആധാർ ബന്ധിപ്പിച്ച ബാങ്ക് പാസ് ബുക്കിന്റെ അക്കൗണ്ട് നമ്പറും ഐ എഫ്എസ്സിയും ഉൾപ്പെട്ട കോപ്പി, ആധാർ കോപ്പി, ഉടമസ്ഥത സർട്ടിഫിക്കറ്റ്, തൈ വാങ്ങിയ ബില്ല്, നോമിനിയുണ്ടെങ്കിൽ അതിന്റെ രേഖ എന്നിവയും സമർപ്പിക്കണം. ഒന്നാം വർഷം തൈ വില ഉൾപ്പെടെ 30,000 രൂപയും മൂന്നാം വർഷം പതിനായിരം രൂപയും ലഭിക്കും.

**പരിശീലന പരിപാടി**

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കരയിലെ ഫലവർഗ്ഗ ഗവേഷണ കേന്ദ്രത്തിൽ വച്ച് 'ഡ്രാഗൺ ഫ്രൂട്ടിന്റെ വിള പരിപാലനം' എന്ന വിഷയത്തിൽ നവംബർ മാസത്തിൽ (അവസാനത്തെ ആഴ്ച) രണ്ടുദിവസത്തെ പരിശീലന പരിപാടി നടത്തുന്നതാണ്. പങ്കെടുക്കുവാൻ താല്പര്യമുള്ള വ്യക്തികൾ 9605612478 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതും പരിശീലന ഫീസ് ആയ 2000 രൂപ ക്യു ആർ കോഡ് വഴി മാത്രം അടക്കേണ്ടതുമാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് ഒന്നാമത്തെ ബാച്ചിൽ പരിശീലനം നൽകുക. അപേക്ഷകരുടെ എണ്ണം കൂടുതൽ ഉണ്ടെങ്കിൽ കൂടുതൽ ബാച്ചുകൾ ആക്കി പരിശീലനം നൽകുന്നതാണ്. പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് കേരള കാർഷിക സർവകലാശാലയുടെ പരിശീലന സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഏതെങ്കിലും കാരണത്താൽ പരിശീലനത്തിൽ പങ്കെടുക്കുവാൻ സാധിച്ചില്ലെങ്കിൽ അവർക്ക് അടച്ച തുക തിരികെ നൽകുന്നതല്ല.

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 'പൗൾട്രി മാനേജ്മെൻറ്' (കോഴി, കാട, താറാവ് വളർത്തൽ) എന്ന വിഷയത്തിൽ 2024 നവംബർ 15ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന

ഫീസ് 300 രൂപ. താല്പര്യമുള്ളവർ 9400483754എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം